# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5321** **05/07/2012** ൽ മറുപടിക്ക്

### ചലച്ചിത്ര അവാർഡുകൾ സംബന്ധിച്ച പരാതി

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം
ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചലച്ചിത്ര അവാർഡുകൾ നൽകുന്നത് സംബന്ധിച്ച് ഉയർന്നുവരുന്ന വിവാദങ്ങൾ പരിശോധിക്കുവാനും നിലവിലുള്ള നിയമാവലിയിൽ മാറ്റം വരുത്താനും ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | നിയമാവലി പരിഷ്ക്കരിക്കുന്നതിന് സർക്കാർ ചലച്ചിത്ര അക്കാഡമിയെ ചുമതലപ്പെടുത്തിയിരുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | പുതുതായി ഉൾക്കൊള്ളിച്ച നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ഈ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (സ.ഉ (കൈ) 37/2012/സാം.കാ.വ, തീയതി:13/06/2012). ടി. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2011-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. Films made in Malayalam language, shot on film format or digital format but released on either film format or digital format are eligible for feature film and children's film section. Films certified by Central Board of Film Certification as Children's Film are eligible for Children's Film section. The term 'Child Artiste' referes to Child Artists under sixteen years of age.

2. In film format with certification of Central Board of Film Certification as documentary are eligible for documentary section. Films made in Malayalam shot in or released on film format and certified by the Central Board of Film Certification as short fiction (CIS) are eligible for short film section. The term close relative refers to parents, grand parents, children, spouse, children-in-law and siblings.

3. അധ്യക്ഷനായോ അംഗമായോ ജഡ്ജിംഗ് കമ്മിറ്റിയിൽ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ വ്യക്തികളും തന്റെയോ ഉറ്റ ബന്ധുവിന്റെയോ ചലച്ചിത്രങ്ങളോ സൃഷ്ടികളോ വിധിനിർണ്ണയത്തിനുള്ള എൻട്രികളിൽ ഇല്ല എന്ന സത്യവാങ്മൂലം നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്.

4. വിവിധ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾക്കായുള്ള നിർദ്ദേശങ്ങളെയും പരിഗണനകളെയും പറ്റി കമ്മിറ്റി അംഗങ്ങൾ നിർബന്ധമായും രഹസ്യ സ്വഭാവം പുലർത്തേണ്ടതാണ്. ഇക്കാര്യം ഏതെങ്കിലും വിധികർത്താവ് ലംഘിക്കുകയാണെങ്കിൽ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള, ഇന്റർനാഷണൽ ഡോക്യുമെന്ററി & ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള തുടങ്ങി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തുന്ന എല്ലാ മത്സരത്തിലും വിധികർത്താവാകുന്നതിൽ നിന്നും ആജീവനാന്തം അയോഗ്യനാക്കപ്പെടുന്നതാണ്.

5. വിധിനിർണ്ണയ സമിതിയുടെ തീരുമാനം അന്തിമവും അതിന്മേൽ യാതൊരുവിധ അപ്പീലുകളോ എഴുത്തുകുത്തുകളോ സ്വീകരിക്കുന്നതുമല്ല.

6. പുരസ്കാര പ്രഖ്യാപനത്തിന് ശേഷം ഒരു പുരസ്കാര ജേതാവ് പുരസ്കാരം നിരസിക്കുന്ന സാഹചര്യം ഉണ്ടായാൽ ആ വ്യക്തിയെ /സ്ഥാപനത്തെ പിന്നീട് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന പുരസ്കാരത്തിന് അയോഗ്യനായി കണക്കാക്കുന്നതാണ്.

7. പുരസ്കാരത്തിനായി സമർപ്പിക്കുന്ന ചലച്ചിത്രങ്ങൾ ഫിലിം ഫോർമാറ്റിലോ, ഡിജിറ്റൽ ഫോർമാറ്റിലോ (വീഡിയോയ്ക്ക് മിനിമം 1920 പിക്സൽസ് വിഡ്ത്തുള്ള ഡി.സി.പി.) സമർപ്പിക്കേണ്ടതാണ്.

8.(a) പുതുതായി ശബ്ദരേഖ പതിപ്പിച്ചതും (Dubbed) തിരുത്തലുകൾ വരുത്തിയതും (Revised) പകർപ്പവകാശ നിയമം ലംഘിച്ചതും മലയാളത്തിലോ

അന്യഭാഷകളിലോ ആദ്യം നിർമ്മിക്കപ്പെട്ടതിനുശേഷം പകർത്തിയോ പരിഷ്കരിച്ചോ പുറത്തിറക്കിയതുമായ ചിത്രങ്ങൾ അവാർഡിന് പരിഗണിക്കില്ല. പുനരാവിഷ്കരിച്ച ചിത്രങ്ങളെ മികച്ച ചിത്രം, മികച്ച രണ്ടാമത്തെ ചിത്രം, കഥ, തിരക്കഥ, സംവിധാനം എന്നീ വിഭാഗങ്ങളിൽ ഒഴികെയുള്ള വ്യക്തിഗത അവാർഡുകൾക്ക് പരിഗണിക്കാവുന്നതാണ്.

(b) പകർപ്പവകാശ നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചുവെന്ന് തെളിയിക്കപ്പെട്ടാൽ ചലച്ചിത്രം പുരസ്കാരത്തിനായി തെരഞ്ഞെടുക്കുന്നതിൽ നിന്ന് റദ്ദാക്കപ്പെടുന്നതാണ്.

9. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ തുടങ്ങി പുരസ്കാരത്തിന്റെ സംഘാടകരിൽപ്പെടുന്ന യാതൊരാളും കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിലെ വ്യക്തിഗത അവാർഡിന് യോഗ്യരായിരിക്കുന്നതല്ല.

10. നല്ല ചിത്രങ്ങൾ, കലാകാരൻമാർ, സാങ്കേതികവിദഗ്ധർ തുടങ്ങിയവ പരിശോധിക്കുന്നതിനും അവാർഡിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനും സർക്കാർ രൂപീകരിക്കുന്ന ഒരു ജഡ്ജിംഗ് കമ്മിറ്റി ഉണ്ടായിരിക്കും (ഇനിമേൽ കമ്മിറ്റി എന്നറിയപ്പെടും). ഈ കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ എട്ട് അംഗങ്ങൾ ഉണ്ടാവും.അംഗങ്ങളിൽ 80 ശതമാനം പേർ മലയാള ഭാഷ അറിയാവുന്നവരായിരിക്കണം. കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞത് രണ്ടുപേരെങ്കിലും ചലച്ചിത്ര സംവിധായകരായിരിക്കണം. മറ്റ് അംഗങ്ങൾ സിനിമയുടെ സൃഷ്ടിയുമായി ബന്ധപ്പെട്ട മേഖലയിൽ നിന്നുള്ളവരായിരിക്കണം. അംഗങ്ങളിൽ ഒരാൾ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയോ അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ നോമിനിയോ ആയിരിക്കും മെമ്പർ സെക്രട്ടറി. ഇദ്ദേഹത്തിന് വോട്ടുരേഖപ്പെടുത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

ഒഴിവാക്കിയ അവാർഡുകൾ :

Award for the best classical singer
Award for the best sound recordist
One special award for outstanding brilliance in any aspect of cinema, ***at the discretion of the jury.***

മാറ്റം വരുത്തിയ അവാർഡ് :

Award for the best processing laboratory/colourist
Award for the best sound mixing
Award for the best dubbing artiste Male
Award for the best dubbing artiste Female

സെക്ഷൻ ഓഫീസർ